പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1400 | 13.07.2016 ൽ മറുപടി നല്കേണ്ടത്. |
|---|---|

**മായം ചേർത്ത ഭക്ഷ്യസാധനങ്ങൾ വില്ക്കുന്നതിനെതിരെ നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.സി. ജോർജ്** | | ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ ജനങ്ങൾ നിത്യേന ആഹാരത്തിനായി ഉപയോഗിച്ചുവരുന്ന പലവ്യഞ്ജന, പച്ചക്കറി, വിവിധ മാംസ മത്സ്യ സാധനങ്ങളിൽ മായം ചേർത്ത് അമിത വിലയ്ക്ക് വില്ക്കുന്നതു മൂലം ജനങ്ങൾ പല രോഗങ്ങൾക്കും അടിമപ്പെടുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ അടിയന്തരമായി സ്വീകരിക്കുമെന്ന് വിശദമാക്കുമോ; | ബി) | സംസ്ഥാനത്തെ ജനങ്ങൾ നിത്യേന ആഹാരത്തിനായി ഉപയോഗിച്ചുവരുന്ന പലവ്യഞ്ജന, പച്ചക്കറി, വിവിധ മാംസ മത്സ്യ സാധനങ്ങളിൽ മായം ചേർക്കുന്നത് സംബന്ധിച്ച് പരാതികളുടെയും റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ പ്രത്യേക പരിശോധനകൾ നടത്തുകയും നിശ്ചിത ഗുണനിലവാരമില്ലാത്തതോ ആരോഗ്യത്തിന് ഹാനികരമായതോ ആയ ഭക്ഷ്യ പദാർത്ഥങ്ങൾ കണ്ടെത്തുന്നപക്ഷം കുറ്റക്കാർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 അനുബന്ധ ചട്ടങ്ങളും അനുശാസിക്കും പ്രകാരം നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| സി) | മായംചേർത്ത ഭക്ഷ്യസാധനങ്ങൾ വില്ക്കുന്നതിനെതിരെ നടപടി സ്വീകരിക്കാൻ കേരളത്തിലെ കോർപ്പ | സി) | മായം ചേർത്ത ഭക്ഷ്യസാധനങ്ങൾ വിൽക്കുന്നതിനെതിരെ കേരളത്തിലെ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ഗ്രാമപഞ്ചായത്തുകളിലും |

| | | | |
|---|---|---|---|
| | റേഷനകളിലും മുനിസിപ്പാലിറ്റികളിലും, ഗ്രാമപഞ്ചായത്തുകളിലുമായി സ്ക്വാഡുകളെ നിയമിച്ച് കമ്പോളങ്ങളിൽ പരിശോധന നടത്തുവാൻ നടപടി സ്വീകരിക്കുമോ; | | ഫുഡ് സേഫ്റ്റി ഓഫീസർമാർ നിരന്തരം പരിശോധന നടത്താറുണ്ട്. ഇതുകൂടാതെ കമ്മീഷണറുടെ നിർദ്ദേശപ്രകാരം സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് സംസ്ഥാനത്ത് ഒട്ടാകെ പരിശോധന നടത്തി വരുന്നു. |
| ഡി) | മായംചേർത്ത ഭക്ഷ്യസാധനങ്ങൾ വില്ക്കുന്നതിനെതിരെ കേസ് എടുക്കുന്നതിന് നിലവിൽ ഉള്ള നിയമം എന്താണെന്നും ഇതിനുള്ള പരമാവധി ശിക്ഷ എന്താണെന്നും വിശദമാക്കുമോ? | ഡി) | ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരമാണ് മായം ചേർത്ത ഭക്ഷ്യസാധനങ്ങൾ വില്ക്കുന്നതിനെതിരെ കേസ് എടുക്കുന്നത്. ഗുണനിലവാരമില്ലാത്ത ഭക്ഷ്യപദാർത്ഥങ്ങൾ വിറ്റ് കഴിഞ്ഞാൽ പരമാവധി 5 ലക്ഷം രൂപ വരെ പിഴ ഈടാക്കുന്നതാണ്. ലേബലുകളിൽ കൃത്രിമം കാണിച്ച് ഭക്ഷ്യസാധനങ്ങൾ വിറ്റു കഴിഞ്ഞാൽ പരമാവധി 3 ലക്ഷം രൂപ വരെ പിഴ ഈടാക്കുന്നതാണ്. മനുഷ്യന് മരണം സംഭവിക്കുന്ന രീതിയിൽ മായം കലർന്ന ഭക്ഷണ പദാർത്ഥങ്ങൾ വിറ്റാൽ ജീവപര്യന്തം തടവുശിക്ഷയും 10 ലക്ഷം രൂപ പിഴയും ഈടാക്കുന്നതാണ്. |

Aleesha

സെക്ഷൻ ഓഫീസർ